# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7079 02.11.2011-ൽ മറുപടിയ്ക്ക്

## വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. ജി.എസ്. ജയലാൽ<br>,, പി. തിലോത്തമൻ | **ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്തിച്ചേരുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ ഓരോ വർഷവും എത്തിയ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വ്യക്തമാക്കുമോ ; | (ബി) കഴിഞ്ഞ 5 വർഷകാലത്തിനിടയിൽ ഓരോ വർഷവും എത്തിയ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>2006 4,28,534<br>2007 5,15,808<br>2008 5,98,929<br>2009 5,57,258<br>2010 6,59,265 |
| (സി) വിദേശ ടൂറിസ്റ്റുകൾക്ക് ഏറ്റവും പ്രിയപ്പെട്ട ടൂറിസ്റ്റ് മേഖലകൾ ഏതെല്ലാം; കൂടുതൽപേരെ ആകർഷിക്കുന്നതിന് ഈ മേഖലകളിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് കൊണ്ടു വന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | (സി) കേരളത്തിലെത്തുന്ന വിദേശ ടൂറിസ്റ്റുകൾക്ക് ഏറ്റവും പ്രിയപ്പെട്ട മേഖലകൾ ബീച്ച്, ബാക്ക് വാട്ടർ, ഹിൽ സ്റ്റേഷനുകൾ എന്നിവയാണ്. കോവളം, വർക്കല ബീച്ചുകൾ, ആലപ്പുഴ, കൊല്ലം, കുമരകം എന്നിവിടങ്ങളിലെ ബാക്ക് വാട്ടറുകൾ, മൂന്നാർ, തേക്കടി |

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| | | എന്നീ ഹിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ കൂടുതൽ വിദേശ ടൂറിസ്റ്റുകൾ സന്ദർശിക്കുന്നു. |
| (സി) | പകർച്ച വ്യാധികൾ, ശുചീകരണമി ല്ലായ്മ തുടങ്ങിയ കാരണങ്ങളാൽ വിദേശ ടൂറിസ്റ്റുകളുടെ വരവിൽ കുറവു വന്നിട്ടുള്ളതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ